കണ്ടെയ്ൻമെൻറ് സോണിൽ നിയന്ത്രണങ്ങൾ ലംഘിച്ച് വിവാഹം നടത്തിയവർക്കെതിരെ കേസ്. വടക്കേക്കര പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പള്ളിയിലാണ് നിയന്ത്രണങ്ങളും നിയമങ്ങളും ലംഘിച്ച് വിവാഹം നടന്നത്. കണ്ടെയ്ൻമെൻറ് സോണുകളിൽ ഇരുപതുപേർ മാത്രം പങ്കെടുത്ത് വിവാഹം നടത്തുവാൻ പാടുള്ളു എന്നിരിക്കെ നൂറിലേറെ പേരാണ് പങ്കെടുത്തത്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് വിവാഹം നടത്തിയ പള്ളി അധികാരികൾക്കും, വിവാഹം സംഘടിപ്പിച്ച വധൂവരന്മാരുടെ ബന്ധുക്കൾക്കെതിരെയും വടക്കേക്കര പോലീസ് കേരള എപ്പിഡെമിക് ഡിസീസ് ഓർഡിനൻസ് 2020 പ്രകാരവും, ഐ .പി.സി ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്തു. വിവാഹം സംഘടിപ്പിച്ച പള്ളി അധികാരികളെയും വധൂവരന്മാരുടെ ബന്ധുക്കളെയും അറസ്റ്റുചെയ്തു. വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകൾ നേരത്തെ തന്നെ ജാഗ്രത സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നും, അനുവദനീയമായ ആളുകളെ പങ്കെടുക്കാൻ പാടുള്ളുവെന്നും പോലിസ് അറിയിച്ചു. തുടർന്നും ഇത്തരത്തിലുള്ള നിയമലംഘനത്തിനെതിരെ കർശന നടപടികളുമായി മുന്നോട്ടു പോകും.